# 15 -ാം കേരള നിയമസഭ

## 1 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 852** **10-06-2021 - ൽ മറുപടിയ്ക്ക്**

## തൃക്കരിപ്പൂർ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | 2016-21 കാലഘട്ടത്തിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി വഴിയുള്ള റോഡ്, പാലം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ; | (എ) | 2016- 21 കാലഘട്ടത്തിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി വഴിയുളള റോഡ്, പാലം എന്നിവ PD, PMU, KRFB, RBDCK എന്നീ സ്ഥാപങ്ങൾ വഴി നടപ്പാക്കിയ നിർമ്മാണ പ്രവർത്തികളുടെ പുരോഗതി വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ ആദ്യ ബജറ്റിൽ അനുവദിച്ച റോഡ്/പാലം പ്രവൃത്തികൾ ഇനിയും ആരംഭിക്കാത്തത് എന്തുകൊണ്ടെന്നും ഇവ എന്നാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ബി) | കഴിഞ്ഞ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന കിഫ്ബി പ്രവൃത്തികളിൽ ആരംഭിക്കാത്തത് രാമൻഞ്ചിറ പാലവും കിൽട്ടാക്കയം പാലവുമാണ്. രാമൻഞ്ചിറ പാലത്തിന് കിഫ്ബിയിൽ നിന്നും 14.72 കോടിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ അനുമതി തേടിയിട്ടുണ്ട്. സ്ഥലം ലഭ്യമാകുമ്പോൾ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. കിൽട്ടാക്കയം പാലത്തിന്റെ ഡിപി.ആർ പുതുക്കാനുളള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## I. PD, PMU, KRFB

| നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|
| 1 | ചെറുവത്തൂർ ചീമേനി ഐറ്റി പാർക്ക് - പാലവയൽ - ബീമനാടി മുക്കട റോഡ് - (കി.മീ. 0/000 മുതൽ 54/000 വരെ) കാസർഗോഡ് ജില്ല | നിർമ്മാണം പുരോഗമിക്കുന്നു. 25% പണി പൂർത്തിയായി |
| 2 | കയ്യൂർ ചെമ്പ്രകാനം പാലകുന്ന് റോഡ് - (കി.മീ. 0/000 മുതൽ 10/900 വരെ) കാസർഗോഡ് ജില്ല | നിർമ്മാണം പുരോഗമിക്കുന്നു. 95% പണി പൂർത്തിയായി |
| 3 | നീലേശ്വരം കച്ചേരികടവ് ടൗൺ ബൈപാസ് റോഡ് & ബ്രിഡ്ജ് | കിഫ്ബി റവന്യൂ വിഭാഗത്തിന് സ്ഥലം ഏറ്റെടുപ്പിനുള്ള അലൈൻമെന്റ് മാർക്ക് ചെയ്തു നൽകിയിട്ടുണ്ട്. സ്ഥലം ഏറ്റെടുപ്പിനുള്ള നടപടികൾ നടന്നുവരുന്നു. |
| 4 | നീലേശ്വരം - ഇടത്തോട് റോഡ് (കി.മീ 0/000 മുതൽ 13/000 വരെ) കാസർഗോഡ് ജില്ല | നിർമ്മാണം പുരോഗമിക്കുന്നു. 28% പണി പൂർത്തിയായി |
| 5 | കൊളിച്ചാൽ - ചെറുപുഴ റോഡ് | നിർമ്മാണം പുരോഗമിക്കുന്നു. 75% പണി പൂർത്തിയായി |
| 6 | രാമൻഞ്ചിറ പാലം | ഈ പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും 14.72 കോടിയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തിക്കാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്കായി റവന്യൂ (ബി) വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. |
| 7 | വള്ളിക്കടവ് പാലം | സാമ്പത്തികാനുമതിക്കായി ഡിപിആർ 26/06/2020-ൽ കിഫ്ബിയിൽ സമർപ്പിച്ചു. |
| 8 | കിൽട്ടാക്കയം പാലം | പദ്ധതിയുടെ ഡിപിആർ പുതുക്കി സമർപ്പിക്കാൻ പി.ഡബ്ല്യു.ഡി ഡിസൈൻ വിഭാഗത്തിനെ ഏൽപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| 9 | കാലിക്കടവ് പാലം<br>മാടക്കാൽ പാലം<br>തെക്കേക്കാട് പാലം | 12/03/2019 ന് കാലിക്കടവ് പാലത്തിന്റെ ഡിപിആർ കിഫ്ബിയിൽ സമർപ്പിച്ചു. മറ്റ് രണ്ട് പാലങ്ങളുടേയും ഡിപിആർ തയ്യാറാക്കി വരുന്നു. ഡിപിആർ സമർപ്പിച്ച് സാമ്പത്തികാനുമതിക്കായുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

## II. RBDCK

| നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ പുരോഗതി |
|---|---|---|
| 1 | ബീരിച്ചേരി ആർ.ഒ.ബി.(LC 265) | ആർ.ബി.ഡി.സി.കെ. യെ ബീരിച്ചേരി ആർ.ഒ.ബി. നിർമ്മാണ പദ്ധതിയുടെ SPV ആയി നിയമിച്ചു. വിശദമായ പഠനത്തിനുശേഷം സമർപ്പിച്ച DPR 16.03.2019 ന് കിഫ്ബി അംഗീകരിച്ചു. അതിനു ശേഷം റെയിൽവേക്ക് GAD സമർപ്പിച്ചുവെങ്കിലും പ്രസ്തുത പ്രോജക്റ്റ് സെമി ഹൈസ്പീഡ് റെയിൽ പ്രോജക്റ്റിന്റെ അലൈൻമെന്റിൽ വരുന്നതിനാൽ KRDCL ന്റെ NOC ലഭിച്ചതിനുശേഷം മാത്രമേ അംഗീകരിക്കുകയുള്ളൂ എന്ന് അറിയിക്കുകയും, NOC ക്ക് വേണ്ടി KRDCL ൽ അപേക്ഷിക്കുകയും ചെയ്തു. |
| 2 | എടച്ചാക്കൈ - നടക്കാവ് ആർ.ഒ.ബി. (LC 267) | ആർ.ബി.ഡി.സി.കെ. യെ എടച്ചാക്കൈ-നടക്കാവ് ആർ.ഒ.ബി. നിർമ്മാണ പദ്ധതിയുടെ SPV ആയി നിയമിച്ചു. വിശദമായ പഠനത്തിനുശേഷം സമർപ്പിച്ച DPR 10.02.2020 ന് കിഫ്ബി അംഗീകരിച്ചു. അതിനു ശേഷം റെയിൽവേക്ക് GAD സമർപ്പിച്ചുവെങ്കിലും പ്രസ്തുത പ്രോജക്റ്റ് സെമി ഹൈസ്പീഡ് റെയിൽ പ്രോജക്റ്റിന്റെ അലൈൻമെന്റിൽ വരുന്നതിനാൽ KRDCL ന്റെ NOC ലഭിച്ചതിനുശേഷം മാത്രമേ അംഗീകരിക്കുകയുള്ളൂ എന്ന് അറിയിക്കുകയും, NOC ക്ക് വേണ്ടി KRDCL ൽ അപേക്ഷിക്കുകയും ചെയ്തു. |
| 3 | തൃക്കരിപ്പൂര് ആര്.ഒ.ബി. (LC 266) | ആർ.ബി.ഡി.സി.കെ. യെ തൃക്കരിപ്പൂർ ആർ.ഒ.ബി. നിർമ്മാണ പദ്ധതിയുടെ SPV ആയി നിയമിച്ചു. വിശദമായ പഠനത്തിനുശേഷം സമർപ്പിച്ച DPR 06.08.2020 ന് കിഫ്ബി അംഗീകരിച്ചു. അതിനുശേഷം റെയിവേക്ക് GAD സമർപ്പിച്ചുവെങ്കിലും പ്രസ്തുത പ്രോജക്റ്റ് സെമി ഹൈസ്പീഡ് റെയിൽ പ്രോജക്റ്റിന്റെ അലൈൻമെന്റിൽ വരുന്നതിനാൽ KRDCL ന്റെ NOC ലഭിച്ചതിനുശേഷം മാത്രമേ അംഗീകരിക്കുകയുള്ളൂ എന്ന് അറിയിക്കുകയും, NOC ക്ക് വേണ്ടി KRDCL ൽ അപേക്ഷിക്കുകയും ചെയ്തു. |